**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2245** **13-09-2023 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള രാഷ്ട്രീയ പാർട്ടിക്കാരുടെ അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ രാഷ്ട്രീയ പാർട്ടികളുടെ ഫോറത്തിൽ ഒതുക്കി തീർക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | ആലപ്പുഴ, തൃശ്ശൂർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ ഭരണപക്ഷ പാർട്ടിയുടെ നേതാക്കൾ സ്ത്രീകൾക്കെതിരെ നടത്തിയ അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ പോലീസിന് കൈമാറാതെ രാഷ്ട്രീയപാർട്ടി ഫോറത്തിൽ അന്വേഷണം നടത്തി ഒത്തുതീർപ്പാക്കുന്നതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | കുറ്റകൃത്യങ്ങൾ ചെയ്യുന്ന രാഷ്ട്രീയപാർട്ടിക്കാരെ മാത്രം നിയമപരമായ ശിക്ഷയിൽ നിന്നും ഒഴിവാക്കുന്നത് ഭരണഘടനാ വിരുദ്ധമല്ലേ എന്ന് വ്യക്തമാക്കാമോ; | (സി) | കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവർക്കെതിരെ രാഷ്ട്രീയഭേദമന്യേ നിയമാനുസരണം പോലീസ് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം ബന്ധപ്പെട്ട കോടതികളിൽ സമർപ്പിച്ചു വരുന്നു. |
| (ഡി) | സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികളിന്മേലുള്ള നടപടികൾ രാഷ്ട്രീയപാർട്ടി ഫോറങ്ങളിൽ മാത്രം ഒതുങ്ങുന്ന പ്രവണത തടയാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികളിന്മേൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ